# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2332

05.02.2018- ൽ മറുപടി
നൽകേണ്ടിയിരുന്നത്

## യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം<br>ശ്രീ. അബ്ദുൽ ഹമീദ് പി. | | ഉത്തരം<br>ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) & (ബി) | യുവസംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>• "സംരംഭകത്വ സഹായ പദ്ധതി (ഇ.എസ്.എസ്)"-യിൽ സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള എല്ലാ മൈക്രോ, സ്മാൾ, മീഡിയം എന്റർപ്രൈസുകൾക്കും സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15%, പരമാവധി 20 ലക്ഷം രൂപ വരെ ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട് നൽകുമ്പോൾ യുവ സംരംഭകർക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 20%, പരമാവധി 30 ലക്ഷം രൂപ വരെ സപ്പോർട്ട് നൽകി വരുന്നു.<br>• വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും യുവ സംരംഭകരെ വളർത്തിയെടുക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി.ക്ലബ്ബ്) പ്രവർത്തിച്ചു വരുന്നു.<br>• യുവസംരംഭകർക്കായി സംസ്ഥാനത്തെ വിവിധ റിസർച്ച് സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, കോമൺഫെസിലിറ്റി സർവ്വീസ് സെന്റർ തുടങ്ങിയവയിലൂടെ സംസ്ഥാനത്തെ വ്യാവസായിക മേഖലയിലെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും, നൂതനമായ സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനായിട്ടും "Industry varsity linkage scheme" എന്ന പദ്ധതി വ്യവസായ വകുപ്പ് ആവിഷ്കരിക്കുന്നു.<br>• എല്ലാ ജില്ലകളിലും സംഘടിപ്പിക്കുന്ന ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, ബോധവൽക്കരണ ക്ലാസുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ തുടങ്ങിയവ യുവ സംരംഭകർക്കും വളരെ പ്രയോജനകരമാണ്.<br>യുവസംരംഭകർക്ക് മാത്രമായി മാർഗ്ഗനിർദ്ദേശം നൽകുന്ന സംവിധാനങ്ങൾ പ്രത്യേകം നിലവിലില്ലാത്തതിനാൽ സംസ്ഥാനത്തെ എല്ലാ വിഭാഗം |
| (ബി) | യുവ സംരംഭകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും വായ്പ സഹായങ്ങൾ നൽകുന്നതിനും നിലവിൽ സംവിധാനമുണ്ടോ; വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | സംരംഭകർക്കുമായി നടപ്പിലാക്കിയിട്ടുള്ള സംവിധാനങ്ങൾ യുവസംരംഭകർക്കും പ്രയോജനപ്പെടുത്താവുന്നതാണ്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം യുവസംരംഭകരുടേതായി എത്ര നിക്ഷേപം സംസ്ഥാനത്ത് ഉണ്ടായി എന്ന് വെളിപ്പെടുത്താമോ? | (സി) | 25.05.2016 മുതൽ 'വ്യവസായ ജാല'കത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പ്രകാരം യുവസംരംഭകരുടേതായ നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | ജില്ല | എണ്ണം | ഇൻവെസ്റ്റ്മെന്റ് (ലക്ഷത്തിൽ) |
|---|---|---|---|
| 1 | കാസർഗോഡ് | 335 | 3600 |
| 2 | കണ്ണൂർ | 432 | 2850 |
| 3 | വയനാട് | 454 | 2230 |
| 4 | കോഴിക്കോട് | 1251 | 8400 |
| 5 | മലപ്പുറം | 1388 | 13678 |
| 6 | പാലക്കാട് | 723 | 8876 |
| 7 | തൃശ്ശൂർ | 1591 | 9560 |
| 8 | എറണാകുളം | 1268 | 14080 |
| 9 | ഇടുക്കി | 681 | 3404 |
| 10 | കോട്ടയം | 655 | 4397 |
| 11 | ആലപ്പുഴ | 745 | 6392 |
| 12 | പത്തനംതിട്ട | 341 | 4045 |
| 13 | കൊല്ലം | 424 | 5024 |
| 14 | തിരുവനന്തപുരം | 566 | 5730 |
| | **ആകെ** | **10854** | **92266** |

സെക്ഷൻ ഓഫീസർ